# കേരളസർവകലാശാല

നം.പി.ആർ.23/2021

## പത്രക്കുറിപ്പ്

### റഷ്യൻ സർട്ടിഫിക്കറ്റ്, ഇന്റഗ്രേറ്റഡ് ഡിപ്ലോമ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല റഷ്യൻ പഠന വകുപ്പിൽ (2021) നടത്തുന്ന റഷ്യൻ സർട്ടിഫിക്കറ്റ്, ഇന്റഗ്രേറ്റഡ് ഡിപ്ലോമ (ഒരുവർഷം) എന്നീ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു.പ്രീ ഡിഗ്രി /പ്ലസ്ടു : യോഗ്യത . അപേക്ഷാഫീസ്: 100 രൂപ, രജിസ്ട്രേഷൻ ഫീസ്: 105 രൂപ .അപേക്ഷകൾ റഷ്യൻ പഠന വകുപ്പിൽ നിന്ന് ലഭിക്കും പൂരിപ്പിച്ച അപേക്ഷകൾ ഫെബ്രുവരി . 15 വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലുള്ള റഷ്യൻ പഠന വകുപ്പ് ഓഫീസിൽ സ്വീകരിക്കുന്നതാണ്.

### പ്രൊവിഷണൽ സർട്ടിഫിക്കറ്റ് റീഫണ്ട്

കേരളസർവകലാശാലയിൽ ഏകീകരിച്ച മാർക്ക് ലിസ്റ്റിനും (consolidated maklist) താൽക്കാലിക സർട്ടിഫിക്കറ്റിനും (provisional certificate), ഫൈനൽ പരീക്ഷാഫീസിനോടൊപ്പം അവ അടച്ചിട്ടുണ്ടോയെന്ന് (റെഗുലർ) സ്ഥിരീകരിച്ചതിനുശേഷം മാത്രം ക്യാഷ് കൗണ്ടറിൽ ഫീസ് ഒടുക്കുകഅല്ലാതെ വരുന്ന ആവർത്തന ഫീസ് റീഫണ്ട് . .നൽകുന്നതല്ല

### പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റം

വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം വഴി ഫെബ്രുവരി രണ്ടാം തീയതി മുതൽ ആരംഭിക്കുന്ന മൂന്ന് നാല് സെമസ്റ്റർ എം. എ., എം എസ്.സി., എം.കോം പരീക്ഷകൾക്ക് ഇമ്മാനുവൽ കോളേജ് വാഴിച്ചൽ പരീക്ഷാകേന്ദ്രമായി ലഭ്യമായിട്ടുള്ള വിദ്യാർത്ഥികൾ എം.ജി. കോളേജ് തിരുവനന്തപുരം പരീക്ഷാകേന്ദ്രത്തിലും ഗവൺമെന്റ് കോളേജ് ആറ്റിങ്ങൽ പരീക്ഷ കേന്ദ്രമായി ലഭ്യമായിട്ടുള്ള എം. എ. സോഷ്യോളജി എം.എ. മലയാളം എന്നീ വിഷയങ്ങളിലെ വിദ്യാർഥികൾ നാഷണൽ കോളേജ് അമ്പലത്തറയിലും പരീക്ഷക്ക് ഹാജരാകേണ്ടതാണ്. മേൽ സൂചിപ്പിച്ചിട്ടുള്ള മാറ്റങ്ങൾ വരുത്തിയ പുതിയ ഹാൾടിക്കറ്റുകൾ വിദ്യാർഥികൾക്ക് പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. പരീക്ഷ തീയതി, സമയം എന്നിവയിൽ മാറ്റമില്ല.

പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം.**
**29.01.2021**

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**E-mail:ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**